# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 10.08.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ബെംഗളൂരുവിൽ മൂന്നു വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകൾ രാജ്യത്തിന് സമർപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. കർണാടകയിലെ വിവിധ റെയിൽ വികസന പദ്ധതികൾക്കും അൽപസമയത്തിനകം തുടക്കം കുറിക്കും.

   **Prime Minister Narendra Modi flagged off three Vande Bharat trains from KSR railway station today. He will inaugurate various railway development projects in Karnataka shortly.**

2. ദേശസ്നേഹവും ത്രിവർണ്ണ പതാകയോടുള്ള ആദരവും പ്രതിഫലിക്കുന്ന ഹർ ഘർ തിരംഗ പരിപാടി മികച്ച ജന പങ്കാളിത്തത്തോടെ രാജ്യമെമ്പാടും പുരോഗമിക്കുന്നു.

   **The Har Ghar Tiranga campaign which reflects patriotism and respect for the national tricolour, is progressing across the country with excellent public participation.**

3. മികച്ച ബഹിരാകാശ ശാസ്ത്രജ്ഞരെയും സാങ്കേതിക വിദഗ്ധരെയും വാർത്തെടുക്കുന്ന അതുല്യ

സ്ഥാപനങ്ങളാണ് രാജ്യത്തെ IIST കളെന്ന് ഐ എസ് ആർ ഒ ചെയർമാൻ ഡോ. വി. നാരായണൻ.

**ISRO Chairman Dr. V. Narayanan said that the IISTs in the country are exceptional institutions that create outstanding space scientists and technical experts.**

4. കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിന്റെ കരട് വോട്ടർപട്ടിക മറ്റെന്നാൾ വരെ പുതുക്കാം.

**The draft voters list for the local body elections in Kerala can be updated till day after tomorrow.**

5. ചൈനയിൽ നടക്കുന്ന വേൾഡ് ഗെയിംസിൽ ഇന്ത്യയുടെ ഋഷഭ് യാദവിന് വെങ്കലം.

**In the World Games 2025, Rishabh Yadav etched his name into the history books by clinching India's first individual bronze medal.**

&&&&&&&&&&&&&&&&&

**HEADLINE-1**

**PM – KARNATAKA**

ബെംഗളൂരുവിൽ മൂന്നു വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകൾ പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തിന് സമർപ്പിച്ചു. വന്ദേഭാരത് ട്രെയിനിൽ ഉണ്ടായിരുന്ന സ്കൂൾ വിദ്യാർത്ഥികളുമായി അദ്ദേഹം സംവദിച്ചു. റെയിൽവെ മന്ത്രി അശ്വിനി വൈഷ്ണവ് സന്നഹിതനായിരുന്നു. ബെംഗളൂരുവിൽ നിന്ന് ബെലഗാവിയിലേക്കും, അമൃത്സറിൽ നിന്ന് ശ്രീ മാതാ വൈഷ്ണോ ദേവി കത്രയിലേക്കും, നാഗ്പൂർ മുതൽ പൂനെയിലേക്കുമുള്ള ട്രെയിനുകൾ ഇതിൽ ഉൾപ്പെടുന്നു. ബാംഗ്ലൂർ മെട്രോയുടെ യെല്ലോ ലൈനും പ്രധാനമന്ത്രി

ഇന്ന് ഫ്ലാഗ് ഓഫ് ചെയ്യും. ബെംഗളൂരുവിലെ നഗര വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി അൽപസമയത്തിനകം നിർവ്വഹിക്കും. 15,610 കോടിയിലധികം രൂപയുടെ ബാംഗ്ലൂർ മെട്രോ ഫേസ്-3 പദ്ധതിയ്ക്കും തറക്കല്ലിടും.

&&&&&&&&&&&&&&&&&&

**WORLD LION DAY**

ഇന്ന് ലോക സിംഹദിനം. ദിനാചരണത്തോട് അനുബന്ധിച്ച് ഗുജറാത്തിലെ ബർഡ വന്യജീവി സങ്കേതത്തിൽ നടന്ന പരിപാടിയിൽ കേന്ദ്രമന്ത്രി ഭൂപേന്ദർ യാദവും ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേലും പങ്കെടുത്തു. 180 കോടി രൂപയുടെ വന്യജീവി സംരക്ഷണ പദ്ധതിക്ക് ഇന്ന് തുടക്കമാകും. ലോകമെമ്പാടുമുള്ള സിംഹങ്ങളുടെ പരിപാലനത്തെയും സംരക്ഷണത്തെയും കുറിച്ച് അവബോധം വളർത്തുകയാണ് ലോക സിംഹ ദിനത്തിൻറെ ലക്ഷ്യം.

&&&&&&&&&&&&&&&&&&

**HEADLINE-2**

**PM-HAR GHAR TIRANGA**

ഹർ ഘർ തിരംഗ പരിപാടിയിലെ മികച്ച ജന പങ്കാളിത്തത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സന്തോഷം പ്രകടിപ്പിച്ചു. ഇത് ഇന്ത്യൻ ജനതയെ ഒന്നിപ്പിക്കുന്ന ദേശസ്നേഹവും, ത്രിവർണ്ണ പതാകയോടുള്ള ആദരവും പ്രതിഫലിപ്പിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. harghartiranga.com-ൽ തങ്ങളുടെ ഫോട്ടോകളും സെൽഫികളും പങ്കിടുന്നത് തുടരാനും പ്രധാനമന്ത്രി ജനങ്ങളോട് അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&&

**DELHI-TIRANGA RUN**

ഹർ ഘർ തിരംഗ പരിപാടിയുടെ ഭാഗമായി ഡൽഹിയിലെ ത്യാഗരാജ് സ്റ്റേഡിയത്തിൽ തിരംഗ റൺ സംഘടിപ്പിച്ചു. ഡൽഹി വിദ്യാഭ്യാസ മന്ത്രി

ആശിഷ് സൂദ് ഫ്ലാഗ് ഓഫ് ചെയ്തു. 7,900 കുട്ടികൾ ത്രിവർണ്ണ പതാകയേന്തി തിരംഗ റണ്ണിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

**HAR GHAR TIRANGA-KV**

ഹർ ഘർ തിരംഗ, ഹർ ഘർ ശുചിത്വ പരിപാടിയോടനുബന്ധിച്ച് തിരുവനന്തപുരം പട്ടം പി എം ശ്രീ കേന്ദ്രിയ വിദ്യാലയത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. രംഗോലി നിർമിക്കുകയും തിരംഗ ആശയത്തെ അടിസ്ഥാനമാക്കി വിദ്യാലയ ഭിത്തികൾ അലങ്കരിക്കുകയും വിദ്യാർത്ഥികൾ സൈനികർക്ക് കത്തുകൾ എഴുതി തയാറാക്കുകയും ചെയ്തു.

&&&&&&&&&&&&&&&&&&

**MANDAVIYA - FIT INDIA (INTRO)**

***Sundays on Cycle' എന്ന സംരംഭം ഫിറ്റ് ഇന്ത്യയെ രാജ്യത്തെ ഏറ്റവും വലിയ ജനകീയ മുന്നേറ്റമാക്കിയതായി കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ. Sundays on cycle Fit India യുടെ ഭാഗമായി ന്യൂഡൽഹിയിൽ സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഫിറ്റ് ഇന്ത്യ സന്ദേശം പ്രചരിപ്പിക്കാൻ 50,000 ത്തോളം ഗ്രാമങ്ങളിൽ പരിപാടി സംഘടിപ്പിച്ചതായും ശ്രീ മൻസുഖ് മാണ്ഡവ്യ അറിയിച്ചു.***

***(VOICE)***

&&&&&&&&&&&&&&&&&&

**CDS-ADDRESS**

രാജ്യത്തെ മൂന്ന് സേനവിഭാഗങ്ങളുടെ യോജിച്ചുള്ള പ്രവർത്തനങ്ങളുടെ ഉദാഹരണമാണ് ഓപ്പറേഷൻ സിന്ദൂറെന്ന് സംയുക്ത സൈനിക മേധാവി ജനറൽ അനിൽ ചൗഹാൻ. സെക്കന്തരബാദിലെ College of Defence Management ലെ മുതിർന്ന ഉദ്യോഗസ്ഥരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ആത്മ നിർഭർ ഭാരത് എന്ന ആശയത്തിന്റെ പ്രാധാന്യത്തെ കുറിച്ചും ജനറൽ അനിൽ ചൗഹാൻ പരാമർശിച്ചു.

&&&&&&&&&&&&&&&&&&

**FISHERMEN**

തമിഴ്നാട്ടിൽ നിന്നുള്ള ഏഴ് ഇന്ത്യൻ മത്സ്യത്തൊഴിലാളികളെയും അവരുടെ മത്സ്യബന്ധന ബോട്ടിനെയും ശ്രീലങ്കൻ നാവികസേന പിടികൂടിയതിൽ ഇടപെടണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി എം.കെ.സ്റ്റാലിൻ വിദേശകാര്യ മന്ത്രി എസ്. ജയശങ്കറിന് കത്തയച്ചു. വിഷയത്തിൽ ശക്തവും ഏകോപിതവുമായ നടപടികൾ ആരംഭിക്കണമെന്നും മത്സ്യത്തൊഴിലാളികളെയും അവരുടെ ബോട്ടുകളേയും ഉടൻ മോചിപ്പിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&

**ROBERT VADRA**

ഗുരുഗ്രാം ഭൂമി ഇടപാടിൽ കോൺഗ്രസ് എം പി പ്രിയങ്ക ഗാന്ധിയുടെ ഭർത്താവും വ്യാപാരിയുമായ റോബർട്ട് വാദ്രയ്ക്ക് അനധികൃതമായി 58 കോടി രൂപ ലഭിച്ചതായി എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ്. പണത്തട്ടിപ്പുമായി ബന്ധപ്പെട്ട പ്രത്യേക കോടതിയിൽ ED അറിയിച്ചതാണ് ഇക്കാര്യം. കേസിൽ റോബർട്ട് വാദ്രയ്ക്ക് കോടതി നോട്ടീസ് നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**PM – INDEPENDENCE DAY**

79-ാമത് സ്വാതന്ത്ര്യദിന പ്രസംഗത്തിനായി ആശയങ്ങൾ പങ്കിടാൻ രാജ്യത്തെ ജനങ്ങളെ ക്ഷണിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഈ മാസം15-ന് ന്യൂഡൽഹിയിലെ ചുവപ്പ്കോട്ടയിൽ നടക്കുന്ന പ്രസംഗത്തിൽ ഉൾപ്പെടുത്താനായാണ് ജനങ്ങളിൽ നിന്നും ചിന്തകളും ആശയങ്ങളും ക്ഷണിച്ചത്. MyGov ഓപ്പൺ ഫോറം, NaMo App തുടങ്ങിയവയിലൂടെ ആശയങ്ങൾ പങ്കുവയ്ക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....**

(ബ്രേക്ക്)

&&&&&&&&&&&&&&&&&

**PM-MP FLAT INAUGURATION**

ന്യൂഡൽഹിയിലെ ബാബ ഖരക് സിംഗ് മാർഗിൽ പാർലമെന്റ് അംഗങ്ങൾക്കായി പുതുതായി നിർമ്മിച്ച ബഹുനില ഫ്ലാറ്റുകൾ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഉദ്ഘാടനം ചെയ്യും. ഫ്ലാറ്റ് പരിസരത്ത് സിന്ദൂർ വൃക്ഷ തൈ നടുന്ന അദ്ദേഹം നിർമ്മാണ തൊഴിലാളികളുമായി സംവദിക്കും.

&&&&&&&&&&&&&&&&&

**WORLD GAMES 2025-**

ചൈനയിലെ ചെങ്ഡുവിൽ നടക്കുന്ന വേൾഡ് ഗെയിംസിൽ ഇന്ത്യയുടെ ഋഷഭ് യാദവിന് വെങ്കലം. പുരുഷന്മാരുടെ കോമ്പൗണ്ട് ആർച്ചറിയിലാണ് മെഡൽ നേട്ടം. ഈ മാസം 17 വരെ നീളുന്ന ഗെയിംസിൽ 17 അംഗ ഇന്ത്യൻ ടീമാണ് മത്സരിക്കുന്നത്.

&&&&&&&&&&&&&&&&&

**HEADLINE-5**

**CHENNAI OPEN CHESS**

Quantbox ചെന്നൈ ഗ്രാൻഡ് മാസ്റ്റേഴ്സ് ടൂർണമെന്റിൽ ഇന്ത്യൻ കുതിപ്പ്. അമേരിക്കൻ ഗ്രാൻഡ് മാസ്റ്റർ റേ റോബ്സണിനെ ഇന്ത്യൻ ഗ്രാൻഡ് മാസ്റ്റർ അർജുൻ ഏറിഗയ്സി ഇന്നലെ നടന്ന മത്സരത്തിൽ തോൽപ്പിച്ചു. ഇതോടെ അർജുന് 2.5 പോയിൻറ് ആയി. നിഹാൽ സരിനെതിരെ നടന്ന നിർണായക മത്സരത്തിൽ ഇന്ത്യൻ ഗ്രാൻഡ് മാസ്റ്റർ വിദിത് ഗുജറാത്തി വിജയം നേടി.

&&&&&&&&&&&&&&&&&

**HEADLINE-4**

**VOTERS LIST - KERALA**

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിലെ വോട്ടർപട്ടിക പുതുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി തദ്ദേശസ്ഥാപനങ്ങൾ ഇന്നും പ്രവർത്തിക്കും. കരട് വോട്ടർപട്ടിക പുതുക്കുന്നതിന് മറ്റെന്നാൾ വരെ സമയം അനുവദിച്ചിട്ടുണ്ട്. അന്തിമ വോട്ടർ പട്ടിക ഈ മാസം 30 ന് പ്രസിദ്ധീകരിക്കും.

&&&&&&&&&&&&&&&&&

**HEADLINE-3**

**IIST – VALIYAMALA (INTRO)**

***കേന്ദ്ര ബഹിരാകാശ വകുപ്പിന് കീഴിലുള്ള IIST – കൾ അക്കാദമിക സ്ഥാപനങ്ങൾ മാത്രമല്ലെന്നും മികച്ച ബഹിരാകാശ ശാത്രജ്ഞരെയും സാങ്കേതിക വിദഗ്ധരെയും വാർത്തെടുക്കുന്ന അതുല്യ സ്ഥാപനങ്ങളാണെന്നും ISRO ചെയർമാൻ ഡോ. വി നാരായണൻ. തിരുവനന്തപുരം വലിയമല ഐ ഐ എസ് ടി യുടെ പതിമൂന്നാമത് ബിരുദദാന ചടങ്ങിനെ ഓൺലൈനായി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.***

***(വോയിസ്)***

***ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഖരഗ്പൂർ ഡയറക്ടർ സുമൻ ചക്രവർത്തി മുഖ്യാതിഥിയായി പങ്കെടുത്തു.***

&&&&&&&&&&&&&&&&&

**IMD – WEATHER**

ഉത്തരാഖണ്ഡിലും ഹിമാചൽ പ്രദേശിലും അടുത്ത 7 ദിവസങ്ങളിൽ കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പശ്ചിമ ബംഗാൾ, അസം, സിക്കിം, ബിഹാർ, മേഘാലയ, അരുണാചൽ പ്രദേശ് എന്നിവിടങ്ങളിൽ സമാനമായ കാലാവസ്ഥ തുടരുമെന്നാണ് മുന്നറിയിപ്പ്. ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ ലക്ഷദ്വീപ് പ്രദേശത്ത് മത്സ്യബന്ധനത്തിന് ഇന്ന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&

## UTTARAKHAND - RESCUE OPERATION

ഉത്തരാഖണ്ഡിലെ ഹർസിൽ, ധരാലി മേഖലകളിൽ അടുത്തിടെയുണ്ടായ ദുരന്തത്തെത്തുടർന്നുള്ള, ദുരിതാശ്വാസ, രക്ഷാപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 1,100 -ൽ അധികം ജനങ്ങളെ ഇതുവരെ രക്ഷപ്പെടുത്തി. രക്ഷാപ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനായി ഉത്തരാഖണ്ഡ് സിവിൽ ഏവിയേഷൻ ഡെവലപ്മെന്റ് അതോറിറ്റിയുടെയും സൈന്യത്തിൻറെയും ഹെലികോപ്റ്ററുകളും സജീവമായി രംഗത്തുണ്ട്.

&&&&&&&&&&&&&&&&&&

## INDIA-US RUSSIA

അലാസ്കയിൽ കൂടിക്കാഴ്ച നടത്താനുള്ള അമേരിക്ക-റഷ്യ തീരുമാനത്തെ സ്വാഗതം ചെയ്ത് ഇന്ത്യ. യുക്രൈനിലെ സംഘർഷത്തിനു അവസാനം കാണാനും,സമാധാന ശ്രമങ്ങൾക്ക് വഴി തുറക്കാനും ഈ മാസം 15 നു നിശ്ചയിച്ചിരിക്കുന്ന യോഗം കാരണമാകുമെന്ന് വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. ഇത് യുദ്ധങ്ങളുടെ കാലഘട്ടമല്ലെന്നു പ്രധാനമന്ത്രി നരേന്ദ്രമോദി പലകുറി വ്യക്തമാക്കിയിട്ടുള്ളതാണെന്നും,റഷ്യ-യുഎസ് കൂടിക്കാഴ്ചയെ ഇന്ത്യ പൂർണമായി പിന്തുണയ്ക്കുന്നെന്നും മന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## PM- KASHMIR FRIGHT TRAIN

കശ്മീർ താഴ്വരയിലേക്കുള്ള ആദ്യ ചരക്ക് തീവണ്ടിയുടെ വരവിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രശംസിച്ചു. മേഖലയെ ദേശീയ ചരക്ക് ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിൽ സുപ്രധാന നാഴികക്കല്ലാണ് ഈ നേട്ടമെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവിന്റെ സമൂഹമാധ്യമക്കുറിപ്പിന് മറുപടിയായി അദ്ദേഹം പറഞ്ഞു. ചരക്ക് തീവണ്ടി സർവ്വീസ്, ജമ്മു കശ്മീരിലെ വാണിജ്യത്തിനും പ്രദേശങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്നതിനും മികച്ച അവസരമാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## PAK - WAR LOSSES

ഇന്ത്യൻ വിമാനങ്ങൾക്ക് വ്യോമപാത അടച്ചതിനെ തുടർന്ന് ഏപ്രിൽ 24 നും ജൂൺ 30 നും ഇടയിൽ പാകിസ്ഥാന് 127 കോടി രൂപയുടെ നഷ്ടം സംഭവിച്ചതായി പാക് പ്രതിരോധ മന്ത്രാലയം. ഇന്ത്യൻ വിമാനങ്ങൾക്ക് പാകിസ്ഥാൻ വ്യോമാതിർത്തി നിരോധനം ഇപ്പോഴും തുടരുകയാണ്.

&&&&&&&&&&&&&&&&&&

**TEMPLE GATE COLLAPSE**

നാഗ്പൂരിലെ മഹാലക്ഷ്മി ജഗദംബ ദേവസ്ഥാനിലെ നിർമാണത്തിലിരുന്ന കവാടത്തിന്റെ ഒരു ഭാഗം തകർന്ന് വീണ് 17 തൊഴിലാളികൾക്ക് പരിക്കേറ്റു. ഇന്നലെ രാത്രിയായിരുന്നു അപകടം. ഉടൻ തന്നെ രക്ഷാപ്രവർത്തനം ആരംഭിച്ചതായി അധികൃതർ അറിയിച്ചു.

&&&&&&&&&&&&&&&&

&&&&&&&&&&&&&

&&&&&&&&&

&&&&&&&&

&&&&&&